മിസ്റ്റർ പി. ഗോവിന്ദമേനോൻ:

		ക.	ണ.	സ.
(എ)	പഴയന്നൂർ—തൃശ്ശിവപേരൂർ	൧	൫	൩½
	വടക്കാഞ്ചേരി—തൃശ്ശിവപേരൂർ	൧	൭	൧
	നെല്ലുവായ് കുന്നംകുളം—തൃശ്ശിവപേരൂർ	൦	൧ ൪	൧
	തൃശ്ശിവപേരൂർ മണ്ടകൻ	൧	൦	൧½
	തൃശ്ശിവപേരൂർ പഞ്ച (കോഠം)	൦	൧൩	൧ ൦½

(ബി) ടെണ്ടർ വിളിച്ചു കൊടുത്തു.

(സി) ഇല്ല; പക്ഷെ വടക്കാഞ്ചേരിയിൽ നിന്നും തൃശ്ശിവപേരൂരെ മില്ലുകളിലേക്ക് ട്രാൻസ്പോർട്ട് ചെയ്യേണ്ടതിലേക്കുണ്ടായിരുന്ന നിരക്കുകൾ വ്യത്യാസപ്പെടുത്തി പൊതുവായി ൧ ൦ പറക്ക് മട്ട ഉറപ്പിക എന്നാക്കിയിട്ടുണ്ട്.

(ഡി) സി. യുടെ ഉത്തരം നോക്കുക.

(ഇ) റെയിറവ കൂട്ടി കൊടുക്കുകയൊ ൧ ൦ പറക്ക് ൧ ക. ര ണ. പൊതു നിരക്കായി അനുവദിക്കുകയൊ ചെയ്യണമെന്ന് കരാറുകാരന്റെ അപേക്ഷയുണ്ടായിട്ടുണ്ട്.

(എഫ്) അല്ലാ; ഇല്ലാ.

(ജി) എഫ് നോക്കുക.

(എച്ച്) ടി

(ഐ) കൂട്ടികൊടുത്തിട്ടില്ല. കൂടുതൽ ചിലവു വരുമെന്നു പ്രതീക്ഷിക്കുന്നുമില്ല.

(ജെ) ഓരോ കൊല്ലത്തേയും വിളവനുസരിച്ചു വാങ്ങുന്ന നെല്ലിന്റെ തുക അനുസരിച്ചിരിക്കും.

AYURVEDIC HOSPITAL—INSTALLATION OF

221. ചൌധരി ജി. എസ്സ്. ധാരാസിംഗ്: തഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഗവണ്മെണ്ടു ദയവായി മറുപടി പറയുമൊ.—

നെടുങ്ങാടു മട്ട ആയുർവ്വേദവൈദ്യശാല സ്ഥാപിച്ചു തരണമെന്നു കാണിച്ചു വല്ല അപേക്ഷകളൊ മറ്റാറാ ഗവണ്മെണ്ടിനു കിട്ടിയിട്ടുണ്ടോ?

റാവു ബഹദൂർ ടി. കെ. നായർ: ഇല്ല.

MR. M. J. ISSAC—RESIGNATION OF

222. മിസ്റ്റർ കെ. എ. രാഘവൻ: താഴെ എഴുതുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) മിസ്റ്റർ എം. ജെ. ഐസക്കിനെ അദ്ദേഹം കുറ്റം അറവനായതുകൊണ്ടൊ അഥവാ മറു വല്ല കാരണത്താലൊ ശിക്ഷിക്കാതെ രാജിവെക്കുവാൻ അനുവദിച്ചുവൊ;

(ബി) ഇദ്ദേഹത്തിന്റെ പേരിൽ തെളിഞ്ഞതുപോലെയുള്ള കുറ്റങ്ങൾക്കു മറ്റാരെയെങ്കിലും ഇപ്രകാരം വെറുതെ പോകുവാൻ അനുവദിച്ചിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) അന്വേഷണത്തിൽനിന്നും അറിഞ്ഞ കുറ്റങ്ങൾക്കു മിസ്റ്റർ ഐസക്കിനെ ശിക്ഷിച്ചു.

(ബി) കുറ്റങ്ങൾക്കു ശിക്ഷ കൊടുക്കാതെ ആരെയും വെറുതെ വിട്ടിട്ടില്ല; വിടാറുമില്ല.

മിസ്റ്റർ കെ. എ. രാഘവൻ: അന്വേഷണത്തിൽനിന്നു് അറിഞ്ഞ കുറ്റങ്ങളെന്തൊക്കെയാണു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: മിസ്റ്റർ ഐസക്കിന്റെ പേരിൽ Anonymous petition ഉണ്ടായിരുന്നു. അതിനെക്കുറിച്ചന്വേഷിച്ചു. അപ്പോൾ കണ്ട ചില കുറ്റങ്ങൾ കൊണ്ടു സസ്പെൻഡിൽ നിറുത്തി. പിന്നീടുള്ള കൂടുതൽ അന്വേഷണത്തിൽനിന്നും സ്റ്റാൻഡിംഗ് ഓർഡർ അനുസരിച്ചു ശിക്ഷിക്കത്തക്ക കുറ്റങ്ങളൊന്നുമില്ലെന്നു തെളിഞ്ഞതുകൊണ്ടു് അദ്ദേഹത്തിന്റെ അപേക്ഷയനുസരിച്ചു ജോലിയിൽനിന്നു് ഒഴിവാക്കി.

LIBRARY ARCHIVES Kerala Legislative Assembly